# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/റ്റിവിഎം/ജിപി.3/1799/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/റ്റിവിഎം/ജിപി.3/1799/2022 തീയ്യതി: 03/02/2023

# തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-03-2022 മുതൽ 03-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ. കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 26-09-2022 | 03-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-09-2022 | 03-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ. എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത്ത്. എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബിന്ദുലത. ബി.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീതാ ജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജു. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജറോംദാസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അജു. എ.ഒ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഡയാന ജോസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീജ. സി | വി.ഇ.ഒ.(N) | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു | വിഇ.ഒ. (S) | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീത വി.എസ്. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ലീന. വി. | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ. അനിൽകുമാർ. വി.എ. | വെറ്റിനറി സർജൻ | 01-04-2021 | 07-07-2021 |
| ഡോ. നാഗരാജകുമാർ. ജി.പി. | വെറ്റിനറി സർജൻ | 08-07-2021 | 27-07-2021 |
| ഡോ. അയ്യങ്കാർ | വെറ്റിനറി സർജൻ | 28-07-2021 | 31-03-2022 |
| ശ്രീ. കാർത്തികേയൻ. ടി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ചിന്ത സുകുമാരൻ | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഉണ്ണികൃഷ്ണൻ. ജെ.ആർ. | അസി. എഞ്ചിനീയർ | 01-04-2021 | 25-11-2021 |
| ശ്രീ. അജയ്. എൽ. ഹാർഡിൻ | അസി. എഞ്ചിനീയർ | 25-11-2021 | 31-03-2022 |
| ശ്രീമതി ദീപ. എസ്. മണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി. കൃഷ്ണേന്ദു. ജെ.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ഡോ. സലീന. കെ.ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് യൂറ്റിലൈസേഷൻ | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1- 9 |
| 10 | തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കുടിശ്ശിക പിരിവിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-10 |
| 11 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-11 |
| 12 | നികുതി നിർണ്ണയം -വഴി സൗകര്യത്തിന് അനുസരിച്ച് നികുതി ഈടാക്കുന്നില്ല. | 1-12 |
| 13 | കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല. | 1-13 |
| 14 | കെട്ടിടത്തിന്റെ നികുതി പുനർനിർണയിക്കണം.നികുതി ചോർച്ച സംഭവിക്കുന്നു. | 1-14 |
| 15 | അനധികൃതകെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. | 1-15 |
| 16 | ഭീമമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ഊർജിത നടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |
| 17 | പാർക്കിംഗ് സ്ഥലം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു-തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-17 |
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-18 |
| 19 | ബഡ്സ് സ്കൂളിന്റെ പ്രവർത്തനം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് നിർവഹിക്കേണ്ടതാണ് | 1-19 |
| 20 | വിനിയോഗരേഖകൾ ലഭ്യമായില്ല – 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | ചെലവു രേഖകൾ ലഭ്യമായില്ല – 2,38,778/- രൂപ തടസ്സം ചെയ്യുന്നു. | 1-21 |
| 22 | ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കുമ്പോൾ ആവശ്യമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ് | 1-22 |
| 23 | Drain Bottom PCC പ്രവർത്തികളിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് | 1-23 |

| | | |
|---|---|---|
| | നൽകുന്ന-ഭാവിയിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. | |
| 24 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24 |
| 25 | അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ചെലവായ തുക ഈടാക്കിയിട്ടില്ല-27,000/- ഈടാക്കേണ്ടതാണ് | 1-25 |
| 26 | തനത് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചിരിക്കുന്നു - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - 1,39,300/- രൂപ തടസ്സം ചെയ്യുന്നു. | 1-26 |
| 27 | പ്രവർത്തനരഹിതമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ - സർക്കാർ നിർദേശാനുസരണം ഡിസ്പോസ് ചെയ്യേണ്ടതാണ് | 1-27 |
| 28 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 2482900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-29 |
| 30 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല - 51812/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് - ഗ്രാമ സഭ അംഗീകരിച്ചിട്ടില്ല | 1-31 |
| 32 | വാട്ടർ ടാങ്ക് വിതരണം - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല - ധനകാര്യകമ്മിഷൻ ഗ്രാന്റ് തിരികെ ഒടുക്കേണ്ടതാണ് | 1-32 |
| 33 | ദുരന്ത നിവാരണം-നമ്മൾ നമുക്കായി - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-33 |
| 34 | ദിവസവേതന നിയമനങ്ങൾ - രേഖകൾ ഹാജരാക്കിയില്ല | 1-34 |
| 35 | ജനറേറ്റർ സ്ഥാപിച്ചതിൽ സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കാത്തത് ഗുരുതര വീഴ്ച | 1-35 |
| 36 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-36 |
| 37 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -90260/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 38 | അനർഹർക്കും ആനുകൂല്യം | 1-38 |
| 39 | ഫലവൃക്ഷ തൈ വിതരണം | 1-38-1 |
| 40 | സുഭിക്ഷ കേരളം- ഇടവിള കൃഷി പ്രോത്സാഹനം | 1-38-2 |
| 41 | പമ്പ് സെറ്റ് വിതരണം | 1-38-3 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് (എ.എഫ്.എസ് പ്രകാരം) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 24338737/-, വരവ് 263646500/-, ചെലവ് 272391000/-, ബജറ്റ് നീക്കിയിരുപ്പ് 15594237/-.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 214 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ല.

എ) ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺ പ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെട്ടത്, നോൺപ്ലാൻ വരവ് ചെലവുകളുടെ
കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ ലഭ്യമാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

ബി) ബജറ്റ് തയ്യാറാക്കുന്നതിന് വികസനകാര്യ, ക്ഷേമകാര്യ, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം കൂടി തീരുമാനങ്ങൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ബജറ്റ് ശുപാർശകൾ സ്വീകരിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളത്.

ബജറ്റ് നിയന്ത്രണം ഫലപ്രദമല്ല.

സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ, പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല.

സി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 2101001 ശമ്പളം | 11157977 | 11000000 |
| 2105001 എംപ്ലോയീസ് പി.എഫ്. കോൺട്രിബ്യൂഷൻ | 189717 | തുക വകയിരുത്തിയിട്ടില്ല |
| 2205201 പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 6500 | തുക വകയിരുത്തിയിട്ടില്ല |
| 2208001 മറ്റു ഭരണചെലവുകൾ | 1128663 | 900000 |
| 2301001 വൈദ്യുതി/ഊർജ്ജം | 3848781 | 3500000 |
| 2305005 സംരക്ഷണവും അറ്റകുറ്റപ്പണികളും- കുടിവെള്ളം | 84000 | തുക വകയിരുത്തിയിട്ടില്ല |
| 2305007 സംരക്ഷണവും അറ്റകുറ്റപ്പണികളും- വൈദ്യുതി | 1959062 | 500000 |
| 2308001 മറ്റു നടത്തിപ്പ്/ മെയിന്റനൻസ് ചെലവുകൾ | 2958486 | 400000 |

കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച് ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ബജറ്റിനുള്ളിൽ ചെലവുകൾ നിയന്ത്രിക്കുന്നതിനും, അത്യാവശ്യമുള്ള ചെലവുകൾക്കായി ബജറ്റ് ഭേദഗതി വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/26.09.2022 ന്) 2021 നിയമസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വരുമെന്ന അറിയിപ്പിനെ തുടർന്ന് ബജറ്റ് ഫെബ്രുവരിയിൽ അവതരിപ്പിക്കേണ്ടി വന്നതിനാൽ ബജറ്റ് തയ്യാറാക്കുന്നതിന് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞില്ലായെന്നും, വരും വർഷങ്ങളിൽ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിനു ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. 21.03.2022 ലെ തീരുമാനം 2(1) ലൂടെ ബജറ്റ് റിവിഷൻ നടത്തിയിട്ടുള്ളതായും, എന്നാൽ അതിന്റെ പകർപ്പ് സിസ്റ്റം ഫോർമാറ്റ് ചെയ്തതിനാൽ നഷ്ടമായതായും അറിയിക്കുകയുണ്ടായി. പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ.

2021-22 വർഷത്തെ ധനകാര്യപത്രികയിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2021-22വർഷത്തെ എ.എഫ്.എസ് പ്രകാരം തൊഴിൽ നികുതി (എംപ്ലോയിസ് ) വരവ് -2535530/- രൂപയാണ്.എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻവർഷ അരിയർ തുക,തൻവർഷ വരവ് തുക,തൻവർഷ കുടിശ്ശിക തുക എന്നിവയുടെ നിജസ്ഥിതി പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2. 2021-22 വർഷത്തെ AFS -ൽ Profession Tax/institutions/tradersRP1 പൂജ്യം ആയി രേഖപ്പെടുത്തിയിരിക്കുന്നു.

3. വസ്തുനികുതി -കളക്ഷൻ,ബാലൻസ് എന്നിവ എ.എഫ്.സ്- മായി പൊരുത്തപ്പെടുന്നില്ല.

| 2021-22-ലെ ഡിമാൻഡ് | 2021-22-ലെ കളക്ഷൻ | ബാലൻസ് | 2021-22-ലെ B15പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 8910784/- | 5233204/- | 3677580/- | 3856770 | 179190/- |

4. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

5. ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യനിർണയിച്ചിട്ടില്ല.

6. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) , നോട്സ് ഓൺ അക്കൌണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

7. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

8. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (മാർച്ച് 2021 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം മുതലായ ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

9. A.E.യുടെ പേരിലുള്ള SBI യിലെ 67379061771 നമ്പർ അക്കൗണ്ടിൽ വർഷാവസാനം 31228.60രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു.പ്രസ്തുത അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

10. തനത് വരവുകളുമായി (അക്രൂവൽ അടിസ്ഥാനത്തിൽ വരവുള്ള ഇനങ്ങൾ, അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ വരവുള്ള രജിസ്റ്ററുകൾ ) ബന്ധപ്പെട്ട ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവയുടെ അബ്സ്ട്രാക്റ്റ് എഴുതി തയ്യാറാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന ഓരോ ഇനങ്ങളുടെയും ഡി.സി.ബി.സംബന്ധിച്ച വിവരം അതത് രജിസ്റ്ററുകളിൽ നിന്നും ലഭ്യമല്ല. ആയതിനാൽ ചുവടെ പറയുന്ന രജിസ്റ്ററുകളിലെ വിവരങ്ങൾ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാൻ സാധിക്കുന്നില്ല.

. D&O Licence Register.

. Register Of Professional Tax Of Employees And Institutions.

11. ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ ഡെപ്പോസിറ്റിനങ്ങളുടെ (ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്,മറ്റ് അഡ്വാൻസുകൾ മുതലായവ) രജിസ്റ്ററുകൾ കാലികമാക്കി ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ തുകകളുടെ ആധികാരിത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

12. ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ്.ഇ ബി,) രജിസ്ററർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവു ചെലവു നീക്കിയിരിപ്പിന്റെ കൃത്യത ധനകാര്യ പത്രികയിലെ വിവരങ്ങളുമായി ചേർത്ത് പരിശോധിച്ചിട്ടില്ല.

13. ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ വായ്പാ രജിസ്റ്റർ ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ വായ്പയിനത്തിലെ തിരിച്ചടവ്, നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.ആയത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 6/22- ന് നൽകിയ മറുപടിയിൽ ലോൺരജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്ന് അറിയിച്ചു.

14. ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക,ലേലം എന്നിവയുടെ ഡി.സി.ബി പത്രിക,രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ എ.എഫ്.എസ് പ്രകാരമുള്ള പ്രസ്തുത വരവുകളുടെ സിമാൻഡ്,കളക്ഷൻ,ബാലൻസുകളുടെ ആധികാരികത ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

15. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

16. വാർഷിക കണക്കുകൾ പ്രകാരം ബാലൻസ് ഷീറ്റ് ബി11 (എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നത് 611682/ആണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്റ്റേറ്റ്മെന്റ് പ്രകാരം 1020267/-രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

17. ഗ്രാമപഞ്ചായത്ത് പരിധിയിലെ വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി ട്രയിഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസ് ഇനത്തിലെ വരവ് കൃത്യമായി വിശകലനം ചെയ്യാൻ സാധിച്ചിട്ടില്ല.

18. ബാലൻസ് ഷീറ്റ് B-15 പ്രകാരം മാർക്കറ്റ് റെസീപ്റ്റ് (കറന്റ്) ഇനത്തിൽ 21600/-രൂപയും,അരിയർ ഇനത്തിൽ 386196/-രൂപയും ലഭിക്കാനുണ്ട്.എന്നാൽ പ്രസ്തുത വരവുകൾ പരിശോധിക്കാൻ ആയത് സംബന്ധിച്ച രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

19. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ലഭ്യമാകേണ്ട 15000/-രൂപ നാളിതുവരെ ഈടാക്കിയിട്ടില്ല.

20. 21-22വർഷത്തെ വാർഷിക ധനകാര്യപത്രികപ്രകാരം പ്രത്യേകാവശ്യ ഫണ്ടുകൾ (B-4)ചെലവഴിക്കാതെ അവശേഷിക്കുന്നു.

21. പാരാമെഡിക്കൽ രജിസ്റ്റർ പ്രകാരം ആകെ 17സ്ഥാപങ്ങൾക്ക് ലൈസൻസ് നൽകിയതായും 20000/- രൂപ ഈടാക്കിയതായും രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ RP-4 പ്രകാരം (ഹെഡ് കോഡ്-140100102)പ്രകാരം ആകെ വരവ് 100/-രൂപയാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 6/22-ന് നൽകിയ മറുപടികൾ തൃപ്തികരമല്ല.ഓഡിറ്റ്

അന്വേഷണകുറിപ്പ് വഴി ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് യൂറ്റിലൈസേഷൻ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23203593 | 23203593 | 27441000 | -4237407 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8249141 | 8249141 | 8464000 | -214859 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| Maintanance Fund (Nonroad) | 0 | 7299378 | 7299378 | 4809526 | 2489852 |
| Maintanance Fund (Road) | 0 | 25559000 | 25559000 | 20532435 | 5026565 |
| Development Fund (CFC Untied) | 0 | 6042655 | 6042655 | 5846031 | 196624 |
| Development Fund (CFC Tied) | 0 | 15728695 | 15728695 | 7978069 | 7750626 |
| CSS*** | 0 | - | - | 2613155 | -2613155 |
| SSS**** | 0 | - | - | 7564279 | -7564279 |

വികസനഫണ്ട് ജനറൽ, എസ്.സി.പി, CSS, SSS എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 3718695 | 180 | 1069119 | - | 57 | 76 |

## 1-5 ക്ഷേമപദ്ധതികൾ

2021-22സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 11400 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 9644100 | 684 |
| വിധവാ പെൻഷൻ | 23344500 | 1624 |
| വാർദ്ധക്യകാല പെൻഷൻ | 42645200 | 3322 |
| വികലാംഗ പെൻഷൻ | 9458400 | 634 |
| വിവാഹ ധനസഹായം | 450000 | 15 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 676800 | 47 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 28-9-2022- ൽനടത്തുകയുണ്ടായി. പരിശോധനയിൽ 7003/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ മുഖാന്തിരം ജീവനക്കാർക്ക് യഥാവിധി ജോലി വിഭജനം നൽകി ഓഫീസ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നുണ്ട്. എന്നാൽ ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് മാസം തോറും കൂടേണ്ടിയിരുന്ന മീറ്റിംഗുകൾ നടത്തിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലയളവ് അവസാനിച്ചതിനാൽ ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി ഈടാക്കുന്നതിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം അർഹമായ നികുതി വരവ് നഷ്ടപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നു. അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ഊർജ്ജിത നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കാവുന്നതാണ്.

ലോൺ രജിസ്റ്റർ, റെന്റ് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഈയിനത്തിലെ വരവ് തുക കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞില്ല.

ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകുന്നുണ്ടെങ്കിലും കരാറിൽ ഏർപ്പെടുന്നില്ല.

പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും കരാറിൽ ഏർപ്പെടുന്നില്ല.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദേശങ്ങൾ പാലിച്ച് കൃത്യമായി നടപ്പാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെങ്കിലും ദുരന്തനിവാരണ സമിതി കൂടുകയോ മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നില്ല.

പഞ്ചായത്തിൽ ജനറേറ്റർ സ്ഥാപിച്ചെങ്കിലും സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഭരണസമിതി ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 63880 | 4935447 | 4999327 | 4959046 | 40281 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 69472648 | 69472648 | 69472648 | - |
| ആകെ | 63880 | 74408095 | 74471975 | 74431694 | 40281 |

## 1- 9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.2.2022 | 2020-2021 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13..4.2015 To 15.5.2015 | 2010-11 - 2014-15 | 8.7.2015 |

## 1-10 തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കുടിശ്ശിക പിരിവിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങളും, രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കാത്ത ചില സ്ഥാപനങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു.

1. 2021-22വർഷത്തെ ആദ്യപകുതിയിലെ തൊഴിൽ നികുതി പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിട്ടില്ല.

2. 2021-22വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 59 സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം സ്ഥാപനങ്ങൾ ഒടുക്കിയ തുകയുടെ രസീത് നമ്പരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാ. ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|
| കേരളാ സ്റ്റേറ്റ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി പുന്നകുളം. | 1,11 അർദ്ധവർഷം | രസീതിന്റെ വിവരങ്ങൾ രേഖപ്പടുത്തിയിട്ടില്ല. |
| മാവേലി സ്റ്റോർ,പുന്നകുളം | 1 അർദ്ധവർഷം | ,, |
| ഡോ.ഫ്ലാൻക്ലിൻസ് പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട് | 1 അര്.ദ്ധവർഷം | ,, |
| വാട്ടർ സപ്ലൈ സെക്ഷൻ | 1 അർദ്ധവർഷം | ,, |
| Louis Memorial U.p.school അടിമലത്തുറ | 1,11 അർദ്ധവർഷം | ,, |
| L.p.s Kottukal | 1,11 അർദ്ധവർഷം | ,, |
| Harmonia ആയുർവേദിക് ഹെൽത്ത് ഗാർഡൻ | 11 അർദ്ധവർഷം | ,, |
| ട്രാവൻകൂർ ഹെറിറ്റേജ് ,ചൊവ്വര | 1,11 അർദ്ധവർഷം | ,, |
| K.s.e.b കോട്ടുകാൽ | 1,11 അർദ്ധവർഷം | ,, |

3. തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനം

1) K.T.D.C.ബിയർ പാർലർ ചപ്പാത്ത്.-1,2 അർദ്ധ വർഷം.

2) MNREGS ആഫീസ് കോട്ടുകൽ ഗ്രാമപഞ്ചായത്ത്.1,2 അർദ്ധ വർഷം.

4. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റിസോർട്ടുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം പരിശോധിക്കാൻ രജിസ്റ്ററിന്റെ അഭാവത്തിൽ ഓഡിറ്റിന് സാധിച്ചിട്ടില്ല.

5. തൊഴിൽ നികുതി രജിസ്റ്റർ വർഷാവസാനം ക്രോഡീകരിച്ച് എഴുതുകയോ, സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് 33/22-ന് മറുപടിയിൽ K.T.D.C. ബിയർ പാർലർ എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. അപാകങ്ങൾ പരിഹരിച്ചും K.T.D.C.ബിയർ പാർലർ, MNREGS ആഫീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയും കുടിശ്ശിക തുകയുണ്ടെങ്കിൽ ആയത് ഈടാക്കിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കാനും, രജിസ്റ്ററുകളുടെ പരിപാലനം നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തുവാനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ.നം674/2017 വിജ്ഞാപനം) പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഫീസ് ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മൂലധനനിക്ഷേപം (രൂപ ലക്ഷത്തിൽ) | സേവന/ഉൽപ്പാദന മേഖലയിൽ ഈടാക്കാവുന്ന പരമാവധി തുക | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | ജോയ്സ് ദ ബീച്ച് റിസോർട്ട് | 2056 | 15000 | 4000 |
| 2 | ഡോ.ഫ്രാങ്ക്ളിൻസ് പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട് | 96.38 | 5000 | 4500 |
| 3 | അഗസ്ത്യ ആയുർവേദ ഗാർഡൻ | 65.5 | 5000 | 4000 |
| 4 | ബെയ്സൈഡ റിസോർട്ട് | 517.75 | 15000 | 4000 |

| | | | | |
|---|---|---|---|---|
| 5 | ഹാർമോണിയ ആയുർവേദിക് ഹെൽത്ത് ഗാർഡൻ | 452.27 | 10000 | 4000 |
| 6 | ആയുർവേദ ഹെൽത്ത് റിസോർട്ട് | 2057.91 | 15000 | 4000 |

സ്ഥാപനങ്ങളെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( നം. 18/2021-22 ) കോവിഡ് പശ്ചാത്തലത്തിൽ ടൂറിസം മേഖല അടഞ്ഞുകിടന്നതിനാലാണ് ലൈസൻസ് ഫീസ് കൂട്ടി വാങ്ങാതിരുന്നതെന്നും 2022 – 23 സൈമ്പത്തിക വർഷത്തിൽ നിയമാനസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെന്നും മറുപടി നൽകി. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 നികുതി നിർണ്ണയം -വഴി സൗകര്യത്തിന് അനുസരിച്ച് നികുതി ഈടാക്കുന്നില്ല.

കെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 6 പ്രകാരം നികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും അനുവദിച്ചിട്ടുണ്ട് . അപ്രകാരം നികുതി ചുമത്തുമ്പോൾ 5മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൽ 20 % വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2021-22 -ൽ നികുതി നിർണ്ണയിച്ച് ചുമത്തിയ ഏതാനും കെട്ടിടങ്ങളുടെ നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി വർദ്ധനവ് ചുമത്തിയിട്ടില്ലായെന്ന് കണ്ടെത്തി.

| കെട്ടിട നമ്പർ ,File No | കെട്ടിട പ്ലാൻ പ്രകാരം വഴി സൗകര്യം | കെട്ടിടത്തിന്റെ വിസ്തീർണം |
|---|---|---|
| 2/11 F ,A3-9116/20 | 9m | 230.36$m^2$ |
| 18/183 ,A3-145/21 | 6.95 M | 183.28 $M^2$ |
| 18/430- A3-8744/20 | 9.10 M | 75 $M^2$ |
| 18/431- A3-8744/20 | 9.10m | 15 $M^2$ |

മേൽ വിവരിച്ച കെട്ടിടങ്ങളിൽ നിന്നും വഴി സൗകര്യത്തിന് അനുസരിച്ച് നിയമാനുസൃത വർദ്ധനവ് ചുമത്താത്തതിനും, പൂർത്തീകരണ പ്ലാൻ സമർപ്പിക്കുമ്പോൾ വഴി സൗകര്യത്തിന്റെ വീതി രേഖപ്പെടുത്താത്തും മറ്റ് അപാകങ്ങൾ ഉള്ള കെട്ടിട പ്ലാനുകൾ അംഗീകരിച്ച് നികുതി ചുമത്തിയതിനുള്ള വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് 24/22-ന് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ മേൽ വിവരിച്ച കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി വർദ്ധനവ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.നികുതി ചുമത്തൽ നടപടികളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നടപടി സ്ഥീകരിക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ചാണ്.അപ്രകാരം നികുതി ചുമത്തപ്പെടുന്നില്ലായെങ്കിൽ നികുതി ചോർച്ചയ്ക്ക് കാരണമാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ FTEAOS നൽകൽ രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചതിൽ (ഉദാ: VII/435 C നമ്പർ കെട്ടിടം) കെട്ടിടത്തിന്റെ ഉപയോഗക്രമം ലൈസൻസ് നേടിയ ഉപയോഗക്രമവുമായി പൊരുത്തപ്പെടുത്തില്ലായെന്ന് കണ്ടെത്തി.

1.VII/435 C എന്ന കെട്ടിടത്തിന് ഹോംസ്റ്റേ നടത്തുന്നതിനായി 2021-22വർഷത്തിൽ ലൈസൻസ് (ക്രമനമ്പർ-243) നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗം പാർപ്പിടം എന്ന് രേഖപ്പെടുത്തി വാസഗൃഹത്തിനുള്ള നികുതി ഈടാക്കുന്നു.ഇപ്രകാരം ലൈസൻസ് നൽകിയപ്പോൾ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലാക്കി നികുതി ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 3/22-ന് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽപഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ അടിയന്തിരമായി നടപടി സ്ഥീകരിക്കേണ്ടതാണ്. കൂടാതെ സഞ്ചയ പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണം, ഉപയോഗം ഉറപ്പുവരുത്തുവാൻ പ്രത്യേക സ്ക്വോഡ് രൂപീകരിച്ച് സഞ്ചയയിലെ തെറ്റുകൾ പരിഹരിക്കാനും നികുതി ചോർച്ച തടയാനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി എടുക്കേണ്ടതാണ്.പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗം അനുസരിച്ച് നികുതി ചുമത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടത്തിന്റെ നികുതി പുനർനിർണയിക്കണം.നികുതി ചോർച്ച സംഭവിക്കുന്നു.

കേരള കെട്ടിട നിർമ്മാണചട്ടം 12 പ്രകാരം ഒരു കെട്ടിടത്തെ സംബന്ധിച്ച് സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്.കെട്ടിട നിർമ്മാണ നിർമ്മാണം പൂർത്തിയാകുമ്പോൾ ഫോം നമ്പർ 6-ലെ വിവരങ്ങൾ ഉദ്യോഗസ്ഥർ നേരിട്ട് കെട്ടിടം പരിശോധിച്ച് ബോധ്യപ്പെട്ടശേഷം നിയമാനുസൃത നികുതി നിശ്ചയിക്കുകയും അതിൽപ്രകാരം സഞ്ചയയിൽ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി കെട്ടിടത്തിന് നികുതി ചുമത്തപ്പെടുകയുംചെയ്യുന്നു. രേഖപ്പെടുത്തുന്ന വിവരങ്ങൾ കൃത്യത പുലർത്തിയില്ലായെങ്കിൽ നികുതി നിരക്കിൽ വ്യതിയാനം സംഭവിക്കുകയും അത് നികുതി ചോർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നതാണ്. അപ്രകാരം നികുതി ചോർച്ച സംഭവിച്ച XI-803 B-നമ്പർ കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.A3-4494/21 നമ്പർ അപേക്ഷ പ്രകാരം കെട്ടിട ഉടമയായ ശ്രീ.രാജേന്ദ്രൻ എന്ന വ്യക്തി പണി പൂർത്തിയാക്കിയ റെസ്റ്റോറന്റിന് നമ്പർ നൽകാൻ അപേക്ഷ നൽകി.കൂടാതെ കെട്ടിട പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടം റെസ്റ്റോറന്റ് ആണെന്നും വിസ്തീർണം 261.68$m^2$ ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് ഇതര വ്യവസായ സ്ഥാപനം എന്നതിൽ ഉൾപ്പെടുത്തി 50/-രൂപ നിരക്കിൽ അടിസ്ഥാന നികുതി കണക്കാക്കി. ടി കെട്ടിടം 200$m^2$ മേൽ വിസ്തീർണം ഉള്ള ഹോട്ടൽ ഇനത്തിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ടുള്ള 70/-രൂപ നിരക്കിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം (നിലവിൽ ഈടാക്കുന്ന അടിസ്ഥാന നികുതി 13084/-രൂപ. ഈടാക്കേണ്ട അടിസ്ഥാന നികുതി-18317.6/-രൂപ വ്യത്യാസം-5233.6/-രൂപ) സംഭവിച്ചു. ആയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 10/22-ന് നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചു.പ്രസ്തുത അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കാത്തപക്ഷം 2021 രണ്ടാം അർദ്ധവർഷം മുതലുള്ള നികുതി നഷ്ടം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 1-15 അനധികൃതകെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

1.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ലിയു പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) കേരള പഞ്ചായത്ത് ബിൽഡിംഗ് (Regularisation Of Unauthorised Construction) ചട്ടങ്ങൾ 2018 – ചട്ടം 6(17) പ്രകാരം കോമ്പൗണ്ടിംഗ് ഫീസിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടം 6(18) പ്രകാരം അനധികൃത നിർമ്മാണം സംബന്ധിച്ച് ഒരു സ്ഥിര രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ അപേക്ഷകന്റെ മേൽവിലാസം, സർവ്വേ നം, ഒക്യുപൻസി, നിലകളുടെ എണ്ണം, തറ വിസ്തീർണം, ചട്ട ലംഘനത്തിന്റെ തരം, അനുമതി ലഭിച്ചതിന്റെയും കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരം

3.1) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്.
3.2) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
3.3) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3.4) പ്രസ്തുത രജിസ്റ്റർ സർക്കുലർ പ്രകാരമുള്ള അനുബന്ധം I ൽ ചേർത്തിട്ടുള്ള പ്രകാരം സൂക്ഷിക്കേണ്ടതാണ്.

ക്രമനമ്പർ I,II എന്നിവ പ്രകാരമുള്ള കെട്ടിടങ്ങളുടെയോ മറ്റ് അനധികൃത നിർമ്മാണങ്ങളുടെയോ വിവരങ്ങൾ രജിസ്റ്ററിലോ വെബ്സൈറ്റിലോ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.ചട്ടം/ ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി തുടർനടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ലിയു,ഇസഡ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5.2021-22വർഷത്തിൽ നമ്പർ നൽകിയ ആകെ കെട്ടിടങ്ങളുടെ എണ്ണവും അപ്രകാരം നൽകിയതിൽ ക്രമവത്ക്കരണം നടത്തി നൽകിയവ എത്രയെന്നുമുള്ള വിവരങ്ങൾ ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

6.2021-22വർഷത്തിൽ വസ്തു നികുതി എഴുതിതള്ളിയ കെട്ടിടങ്ങളുടെ വിവരങ്ങളും,രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിട്ടില്ല.

7.9-7-2015-ലെ ത.സ്വ.ഭ.വകുപ്പിന്റെ സ.ഉ.(എം.എസ്)231/2015 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് കെട്ടിടനമ്പർ നൽകുന്നതിന് പ്രസ്തുത കെട്ടിടത്തിന് റവന്യൂവകുപ്പിൽ ഒറ്റ തവണ നികുതി അടച്ചതായ രേഖ ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.എന്നാൽ പ്രസ്തുത രേഖ ഹാജരാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതായി കണ്ടെത്തി.മേൽ അപാകങ്ങൾ പരിഹരിക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഭീമമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ഊർജിത നടപടി സ്വീകരിക്കേണ്ടതാണ്.

A. 2021-22 സാമ്പത്തിക വർഷത്തെ വസ്തുനികുതി കുടിശ്ശിക പരിശോധിച്ചതിൽ ഭീമമായ കുടിശ്ശികതുക പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാകുന്നു. കൂടാതെ വസ്തുനികുതി കുടിശ്ശിക ഡി.സി.ബി രജിസ്റ്ററും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഡി.സി.ബി പ്രകാരം (19 വാർഡുകൾ) ആകെ 7841615/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. എന്നാൽ എ.എഫ്.എസ് പ്രകാരമുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| | |
|---|---|
| റെസിഡൻഷ്യൽ (കറന്റ്) | 1425378/- |
| റെസിഡൻഷ്യൽ (അരിയർ) | 2522944/- |
| നോൺ റെസിഡൻഷ്യൽ (കറന്റ്) | 2431392/- |
| നോൺ റെസിഡൻഷ്യൽ (അരിയർ) | 1687452 |
| ആകെ | 8067166/- |

(ഡി.സി.ബി സ്റ്റേറ്റ്മെന്റും എ.എഫ്.എസ് പ്രകാരവും 225551 /-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.)

ഭീമമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാത്തതിനും, കുടിശ്ശിക തുക ഡി.സി.ബി രജിസ്റ്റർ എ.എഫ്.എസ്-മായി പൊരുത്തപ്പെടാത്തതിനുള്ള കാരണവും, വസ്തു നികുതി പിരിച്ചെടുക്കാൻ വാർഡ് തലത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ചും, വസ്തു നികുതി പിരിച്ചെടുക്കാൻ റവന്യൂറിക്കവറിയോ മറ്റ് നടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് 13/22- ന് മറുപടി ലഭ്യമാക്കായില്ല. നികുതികൾ നിശ്ചിത കാലയളവിൽ പിരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

B. സ്ഥാപനം സമർപ്പിച്ച VIII,XI- ാം വാർഡുകളുടെ കെട്ടിടനികുതി അരിയർ ലിസ്റ്റ് മാത്രം (2022-II അർദ്ധവർഷം വരെ) പരിശോധിച്ചതിൽ പ്രസ്തുത വാർഡികളിലെ യഥാക്രമം ക്ലിഫ് വ്യൂ ഹോളി ഡേയ്സ് ചൊവ്വര, ചാമത്തിൽ ആയുർവേദ ഹോസ്പിറ്റാലിറ്റീസ് എന്നീ സ്ഥാപനങ്ങൾ അടവാക്കാനുള്ള കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| സ്ഥാപനം | കെട്ടിട ഉപയോഗം | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| ക്ലിഫ് വ്യൂ ഹോളി ഡേയ്സ് ചൊവ്വര | റിസ്സോർട്ടുകൾ | 2022 II-Half വരെ | 411098/-രൂപ |
| ചാമത്തിൽ ആയുർവേദ ഹോസ്പിറ്റാലിറ്റീസ് | റിസ്സോർട്ടുകൾ | 2019 II-Half-2022 II-Half | 878611/-രൂപ |

VIII, XI- ാം വാർഡിലെ കെട്ടിടനികുതി അരിയർ ലിസ്റ്റിൽ രണ്ട് സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ തന്നെ ഭീമമായ കുടിശ്ശിക തുക അടവാക്കാനുണ്ടെന്ന് കണ്ടെത്തി. ആയതിനാൽ കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ജനറൽ കമ്മിറ്റിയും ശക്തമായ നടപടി സ്വീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പാർക്കിംഗ് സ്ഥലം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു-തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3-3-2021-ലെ A3-BA-54944/21 നമ്പർ പെർമിറ്റ് പ്രകാരം പണിപൂർത്തിയാക്കിയ കെട്ടിടത്തിന്

A3-7985/21നമ്പർ ഫയൽ പ്രകാരം നമ്പർ ലഭിക്കുന്നതിനായി സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ ആകെ കെട്ടിട വിസ്തീർണം 688.21M$^2$എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത ഫയൽപ്രകാരം മേൽ കെട്ടിടത്തിന് 11/158 B,c,d,e, എന്നീ നമ്പരുകൾ നൽകുകയും ചെയ്തിട്ടുണ്ട്.വാണിജ്യാവശ്യത്തിനും പാർപ്പിട ആവശ്യത്തിനും വേണ്ടി പണികഴിപ്പിച്ച കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ലോർ പാർക്കിംഗ് ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവെന്ന് പഞ്ചായത്തിന്റെ നിർദ്ദേശം അനുസരിച്ച് ഉടമ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ചുവടെ വിവരിക്കും പ്രകാരം സഞ്ചയയിൽ നികുതി നിർണ്ണയിച്ചു.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം | റിമാർക്ക് |
|---|---|---|---|
| 11/158 B | 112.05 $M^2$ | വാണിജ്യം | |
| 1/158 C | 112.05$M^2$ | ,, | |
| 1/158 D | 123.28 $M^2$ | പാർപ്പിടം | |
| 1/158 E | 100.82 $M^2$ | പാർപ്പിടം | |
| ആകെ വിസ്തീർണം | 448.20 $M^2$ | | |

പ്രസ്തുത കെട്ടിത്തിന് പൂർത്തീകരണപ്ലാൻ പ്രകാരം 688.21M$^2$ വിസ്തീർണം ഉണ്ടെങ്കിലും സഞ്ചയയിൽ വിവിധ നമ്പരുകളിലായി 448.20 M$^2$-ന് മാത്രം നികുതി ചുമത്തിയതിനുള്ള കാരണം നോട്ട് ഫയലിൽ സെക്രട്ടറി രേഖപ്പെടുത്താതിനാൽ ഓഡിറ്റ് ടീം പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പാർക്കിംഗ് ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവെന്ന് സമ്മതപത്രത്തിൽ പറയുന്ന ഗ്രൌണ്ട് ഫ്ലോർ മുഴുവനായി കെട്ടി അടച്ച് ഷട്ടറുകൾ സ്ഥാപിച്ച് നിലവിൽ

വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവെന്ന് കണ്ടെത്തി.ആയതിനാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 29 പ്രകാരമുള്ള പാർക്കിംഗ് സ്ഥലം നിലവിൽ കെട്ടിടത്തിന് നൽകിയിട്ടില്ല.പ്രസ്തുത ഗ്രൌണ്ട് ഫ്ലോർ മുഴവനായി കെട്ടി അടച്ച് ഷട്ടറുകൾ സ്ഥാപിച്ച് നിലവിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് അടിസ്ഥാന വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു. അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 3/22-ന് മറുപടി ലഭ്യമാക്കിയില്ല.സ്ഥലപരിശോധന നടത്തിയശേഷം നൽകിയ അന്വേഷണകുറിപ്പ് 46/22- ന് നൽകിയ മറുപടിയിൽ വാണിജ്യാവശ്യത്തിനായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ലോർ പാർക്കിംഗ് ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവെന്ന് ഉടമ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് നമ്പർ നൽകിയതെന്ന് അറിയിച്ചു. ഇപ്രകാരം സമ്മതപത്രം നൽകിയശേഷം പാർക്കിംഗ് സ്ഥലം ലഭ്യമാക്കാതെ പ്രസ്തുത സ്ഥലം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണ്.കൂടാതെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടം അനുശാസിക്കുന്ന നിയമങ്ങൾ പാലിക്കാത്തതും നിയമാനുസൃത സെറ്റ്ബാക്കുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതും മറ്റ് അപാകതകൾ ഉള്ളതുമായ പ്ലാനാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്.കെട്ടിടത്തിന് നിയമാനുസൃത പാർക്കിംഗ് ഏരിയ സ്ഥാപിക്കാൻ കെട്ടിട ഉടമയ്ക്ക് നിർദ്ദേശം നൽകി നിയമാനുസൃത പാർക്കിംഗ് ഏരിയ ഉറപ്പ് വരുത്തിയും നിലവിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ഗ്രൗണ്ട് ഫ്ലോറിലെ കെട്ടിട ഭാഗത്തിനും നിയമാനുസൃത നികുതി ഈടാക്കിയും അല്ലാത്തപക്ഷം 'അനധികൃത കെട്ടിടം'എന്നതിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ,സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്ഥീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യംചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും,ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്.ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 15/2022ന് നൽകിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്ന് അറിയിച്ചു.ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിക്കുന്നതിനായി ഗ്രാമതല ദുരിതാശ്വാസ നിധി രൂപീകരിക്കുവാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ബഡ്സ് സ്കൂളിന്റെ പ്രവർത്തനം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് നിർവഹിക്കേണ്ടതാണ്

പ്രോ. നം. 13/22 ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ, കുക്ക് തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ 3 ജീവനക്കാർക്കുള്ള വേതനമിനത്തിൽ ആകെ 2,76,000/- രൂപ ചെലവു ചെയ്തിട്ടുണ്ട്. സ.ഉ.(എം.എസ്) നം. 20/2018/തസ്വഭവ തീയതി 07.02.2018 ഉത്തരവിലൂടെ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനത്തിനായി സർക്കാർ നിബന്ധനകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധനകൾ പൂർണ്ണമായും പാലിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

1) ഗ്രാമപഞ്ചായത്തിന്റെ ബഡ്സ് സ്കൂളിന് ഇതുവരെയും രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല.

2) ബഡ്സ് സ്കൂൾ അധ്യാപക:വിദ്യാർത്ഥി അനുപാതം 1:8 ആയി നിലനിർത്തേണ്ടതുണ്ട്. ബഡ്സ് സ്കൂളിൽ 24 വിദ്യാർത്ഥികൾ ഉള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും ഒരു അധ്യാപിക മാത്രമാണ് നിലവിൽ ബഡ്സ് സ്കൂളിൽ സേവനം ചെയ്യുന്നത്.

3) തെറാപ്പിസ്റ്റ്, ട്രെയിനർ, ഡോക്ടർമാർ തുടങ്ങിയവരുടെ സേവനവും ബഡ്സ് സ്കൂളിന് ലഭ്യമാക്കേണ്ടതുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 വിനിയോഗരേഖകൾ ലഭ്യമായില്ല – 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹെഡ് മാസ്റ്റർ നിർവഹണം ചെയ്യു ചുവടെ ചേർക്കുന്ന പദ്ധതികളിലൂടെ ആകെ 10,00,000/- രൂപ എസ്.എസ്.കെ. കോ-ഓർഡിനേറ്റർക്കു കൈമാറിയിട്ടുണ്ട്.

| പ്രോ. നം., പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നം./തീയതി |
|---|---|---|---|
| 92/22 എസ്.എസ്.എ. വിഹിതം നൽകൽ (എസ്.സി) | 500000 | വികസനഫണ്ട് എസ്.സി.പി | 22/27.12.2021 |

| | | | |
|---|---|---|---|
| 90/22 എസ്.എസ്.എ. വിഹിതം നൽകൽ (ജനറൽ) | 500000 | വികസനഫണ്ട് ജനറൽ | 1/27.12.2021 |

പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമായില്ല.

1) എസ്.എസ്.എ. യുടെ ഡിമാന്റ് ലറ്റർ, തുകയുടെ വിനിയോഗ രേഖകൾ തുടങ്ങിയവ.

2) എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ, ഗുണഭോക്താക്കളുടെ വിശദാംശം, എസ്.സി.പി. ഫണ്ട് വിനിയോഗിക്കുന്നതിനായി പട്ടികജാതി വികസന ഓഫീസർ നൽകിയിട്ടുള്ള സാക്ഷ്യപത്രം.

മേൽ രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/01.10.2022) മറുപടി ലഭ്യമാക്കിയില്ല. മറുപടി / രേഖകളുടെ അഭാവത്തിൽ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോയെന്നും, വിനിയോഗം ഫലപ്രദമാണോയെന്നും വ്യക്തമല്ല. എസ്.സി.പി. ഫണ്ട് പ്രത്യേക വിഭാഗക്കാരുടെ ആവശ്യങ്ങൾക്കാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്നതും വ്യക്തമല്ല. പ്രസ്തുത സാഹചര്യത്തിൽ പദ്ധതികൾ പ്രകാരം ചെലവ് ചെയ്ത 10,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 ചെലവ് രേഖകൾ ലഭ്യമായില്ല - 2,38,778/- രൂപ തടസ്സം ചെയ്യുന്നു.

ചുവടെ ചേർക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല

1) ചെക്ക് നം. 11456/21.04.2021 പ്രകാരം കെ.എസ്.ഇ.ബി. കോട്ടുകാൽ സെക്ഷനിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ അനുവദിച്ച 2,22,170/- രൂപയുമായി ബന്ധപ്പെട്ട ബില്ലുകൾ, കെ.എസ്.ഇ.ബി. യുടെ രസീത് തുടങ്ങിയവ.

2) ചെക്ക് നം. 11458/22.04.2021 പ്രകാരം കെ.എസ്.ഇ.ബി. കമുകിൻകോട് സെക്ഷനിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ അനുവദിച്ച 16,608/- രൂപയുമായി ബന്ധപ്പെട്ട ബില്ലുകൾ, കെ.എസ്.ഇ.ബി. യുടെ രസീത് തുടങ്ങിയവ.

തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ കൺസ്യൂമർ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുക അടവ് ക്രമപ്രകാരമാണോ എന്നത് വ്യക്തമല്ല. രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 53/ 03.10.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരമുള്ള ചെലവ് തുക 2,38,778/- രൂപ തടസ്സം ചെയ്യുന്നു.

## 1-22 ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കുമ്പോൾ ആവശ്യമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 198/21-22 |
| Project Name | Disaster Management Kanamkulam Fencing Ward 4 |
| Est No | 2020/29582, DSR 2016,cost Index 37.93%,300000/- |
| Contractor Name | Beenarani |
| Mbook No | 443/20-21 |
| Bill No | 4/20-21,201022, 6.8.2021 |
| Fund | Development Fund(general) |
| Tender Below | 31.1 % Below |

അപാകത

എസ്റ്റിമേറ്റ് ഐറ്റം നം.3 ൽ Od-580748/2020-21 പ്രകാരം ഫെൻസിംഗിന് Pipe Post ഇടുന്ന പ്രവർത്തിക്ക് 124.26/kg നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.എന്നാൽ ടി പ്രവർത്തിക്ക് DAR 10.1 Specification മതിയാകുന്നതാണ്. ഉയർന്ന നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 30.9.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം. 40 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ DAR 10.1 Specification ൽ Angler, Channel എന്നിവ

ഉപയോഗിച്ചുള്ള പ്രവർത്തികളാണ് നിർവ്വഹികുന്നത് ആയതിനാലാണ് OD പ്രകാരമുള്ള നിരക്ക് നൽകിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ OD പ്രകാരം നൽകിയ നിരക്ക് Built Up Section Truss Work ന് നൽകുന്ന സമാന ( DAR 10.16.1) നിരക്കാണ്. ഫെൻസിംഗ് പ്രവർത്തിക്ക് Pipe Post കൾ സിമന്റ് ചെയ്ത് ഉറപ്പിച്ച് ആയതിൽ GI Chain Link ഘടിപ്പിക്കുന്ന പ്രവർത്തിക്ക് Built Up Section Truss Work നിരക്ക് നൽകേണ്ടതില്ലാത്തതാകുന്നു.ആയതിനാൽ ടി മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ല. മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സമാന പ്രവർത്തികൾക്ക് 10.1 എന്ന നിരക്കാണ് നൽകി വരുന്നത്. ഭാവിയിൽ ഇത്തരം പ്രവർത്തികൾക്ക് ഡാറ്റാ തയ്യാറാക്കുമ്പോൾ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 Drain Bottom PCC പ്രവർത്തികളിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകുന്നു- ഭാവിയിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 270/21-22 |
| Project Name | Adimalathura Beach Road Drainage Construction |

ടി പ്രവർത്തിയിൽ 1 M ആഴത്തിൽ എസ്കവേഷൻ നടത്തിയതിനു ശേഷം Drain Bottom 10cm ,15 Cm എന്നീ കനത്തിൽ 1:3:6 അനുപാതത്തിൽ PCC ചെയ്തിട്ടുണ്ട്.

2.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 142/21-22 |
| Project Name | Drainage Construction-Adimalathura Ward |

ടി പ്രവർത്തിയിൽ 1 M ആഴത്തിൽ എസ്കവേഷൻ നടത്തിയതിനു ശേഷം Drain Bottom 10cm കനത്തിൽ 1:3:6 അനുപാതത്തിൽ PCC ചെയ്തിട്ടുണ്ട്.

അപാകത

ടി പ്രവർത്തികൾക്ക് 11.4.1.1. Spececification പ്രകാരമുള്ള(ഫോം വർക്ക് ഉൾപ്പെടുന്ന നിരക്കുള്ളത്) നിരക്കാണ് നൽകിയിരിക്കുന്നത്. Foundation Pcc ക്ക് ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകിയതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി തീയതി 30.9.2022തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 43 നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ടി പ്രവർത്തി നടന്നത് മണൽ പ്രദേശത്തായതിനാൽ എസ്കവേഷൻ സമയത്ത് തന്നെ മണ്ണിടിഞ്ഞ് വീഴുന്നതിനാൽ അപ്പോൾ തന്നെ ഫോം വർക്ക് നടത്തേണ്ടി വന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ രീതിയിൽ പ്രവർത്തി നിർവ്വഹിക്കേണ്ടതിനെക്കുറിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടി ല്ലാത്തതാകുന്നു. എസ്കവേഷൻ നടത്തിയതിനു ശേഷം അതേ വീതിയിൽ നിശ്ചിത കനത്തിൽ Bottom PCC ചെയ്യുമ്പോൾ അതിൽ ഫോംവർക്ക് ആവശ്യമില്ലാതായി ഓഡിറ്റ് വിലയിരുത്തുന്നു.ആയതിനാൽ ടി മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ല. മറുപടിയിൽ പറഞ്ഞിരിക്കുന്ന രീതിയിൽ പ്രവർത്തി നിർവ്വഹിക്കേണ്ട ഉണ്ടെങ്കിൽ ആയത് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതാണ്.ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുള്ളത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി 30.9.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി

നം.-44 നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലസർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-25 അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ചെലവായ തുക ഈടാക്കിയിട്ടില്ല- 27,000/- ഈടാക്കേണ്ടതാണ്

Voucher No.22100605/27.10.2021, Cheque No. 013084 പ്രകാരം 9000/- രൂപയും, Voucher No.22100594/21.10.2021, Cheque No. 013080 പ്രകാരം 18000/- രൂപയും (ഭരണസമിതി തീരുമാനം നം.11/9, തീയതി 10.9.2021 പ്രകാരം) ഉൾപ്പെടെ ആകെ 27000/- രൂപ ശ്രീ.സ്റ്റാൻലി രാജ്, രാജ് ഇൻഡസ്ട്രീസ്, ഉച്ചക്കട, പയറ്റുവിള എന്നയാളുടെ അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.കേരളാ പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും വകുപ്പ് 235 W(3) പ്രകാരം ഇത്തരം പ്രവർത്തികൾ വേണ്ടി വരുന്ന ചെലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയതിൻ പ്രകാരം ടി തുക ശ്രീ.സ്റ്റാൻലി രാജിൽ നിന്നും നിന്നും ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 3.10.2022തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-51 നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയാനിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-26 തനത് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചിരിക്കുന്നു - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - 1,39,300/- രൂപ തടസ്സം ചെയ്യുന്നു.

വൗച്ചർ പരിശോധനയിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ പ്രകാരം പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച് കാണുന്നു.(KGB Accc No. 40682101042818)

| ഇടപട് തീയതി | ചെക്ക് നം | പിൻവലിച്ച തുക | ഇടപാട് വിവരം |
|---|---|---|---|
| 15.4.2021 | 11435 | 34500 | Self |
| 16.4.2021 | 11421 | 104800 | Medical Officer ക്ക നൽകിയത് |
| ആകെ | | 139300 | |

മേൽ ഇടപാടുകൾ സംബന്ധിച്ച് ബിൽ രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 3.10.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-51 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ/മറുപടിയുടെ അഭാവത്തിൽ മേൽ പ്രകാരം ചെലവ് ചെയ്ത 1,39,300/- രൂപ തടസ്സം ചെയ്യുന്നു.

### 1-27 പ്രവർത്തനരഹിതമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ - സർക്കാർ നിർദേശാനുസരണം ഡിസ്പോസ് ചെയ്യേണ്ടതാണ്

കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഓഡിറ്റിന് ഹാജരാക്കിയ എക്യുപ്മെന്റ് ഡീറ്റെയിൽസ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം പഞ്ചായത്ത് ഓഫീസ്, എൻ ആർ ഇ ജി എസ് ഓഫീസ്, എൽ എസ് ജി ഡി ഓഫീസ് എന്നിവിടങ്ങളിൽ യഥാക്രമം 7, 2, 1 എന്നിങ്ങനെ 10 കമ്പ്യൂട്ടറുകളും പഞ്ചായത്ത് ഓഫീസിൽ മൂന്ന് പ്രിന്ററുകളും, സ്കാനർ, യുപിഎസ് എന്നിവ ഒന്നു വീതവും പ്രവർത്തനരഹിതമായിട്ടിരിക്കുന്നു. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എ എം സി (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്) കെൽട്രോണിന് നൽകിയിട്ടുള്ളതാണെന്നും ഇവ പ്രവർത്തന ക്ഷമമാകില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച 30.09.2022 ലെ ഓഡിറ്റ് അന്വേഷണം നം.29/2022 ന് മറുപടി നൽകിയെങ്കിലും അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത ഉപകരണങ്ങൾ വാല്വേഷൻ എടുത്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. E&IT വകുപ്പിന്റെ 01.10.2021-ലെ ജി.ഒ(എം.എസ്) നം.30/2021/ITD, സ.ഉ (കൈ)നം.27/2018/ഐ.റ്റി.ഡി തീയതി 28.10.2018 ഉത്തരവുകൾ പാലിച്ച് ഉപയോഗശൂന്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ യഥാസമയം ഡിസ്പോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-28 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 2482900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വിവിധ പദ്ധതികൾക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം മുൻകൂറായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അവയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.21/2022, തീയതി :29.09.2022).

| ക്രമ നം. | പദ്ധതിയുടെ പേര് നം. | ചെലവ് തുക | ബിൽ നം തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | ഐ കെ എം ന് തുക നല്കൽ (1/22) | 89335/- | 12/30.10.2021 | ഐ കെ എം |

| | | | | |
|---|---|---|---|---|
| 2 | ജില്ലാ ആസൂത്രണ സമിതി മന്ദിര നിർമ്മാണ വിഹിതം (110/22) | 400000/- | 13/30.10.2021 | ജില്ലാ പ്ലാനിംഗ് ഓഫീസ് |
| 3 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് (169/22) | 606075/- | 18/20.12.2021 | KSEB |
| 4 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് (145/22) | 704490/- | ലഭ്യമാക്കേണ്ടതാണ് | KSEB |
| 5 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (297/22) | 683000/- | ലഭ്യമാക്കേണ്ടതാണ് | കേരള വാട്ടർ അതോറിറ്റി |
| | | 2482900 | | |

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-29 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടത്തിപ്പിൽ അപാകതകൾ

വിവിധ വാർഡുകളിൽ തെരുവ് വിളക്ക് പ്രകാശിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പാക്കി.

| പദ്ധതിയുടെ പേര് നം | അടങ്കൽ തുക | ചെലവ് തുക | വൌച്ചർ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| തെരുവ് വിളക്ക് മെയിന്റനൻസിനായി സാധനം വാങ്ങൽ | 1996946/- (CFC Grant) | 1505193/- | XVFC/2021-22/P/6 5.2.2022 (719690/-), XVFC/2021-22/P/20 17.3.2022 (785503/-) | സെക്രട്ടറി |
| തെരുവ് വിളക്ക് മെയിന്റനൻസ് | 2009000/- (CFC Grant) | 1866333/- | XVFC/2021-22/P/7 7.2.2022 (765930/-), XVFC/2021-22/P/19 17.3.2022 (1009830/-), XVFC/2021-22/P/29 26.3.2022 (90573/-) | സെക്രട്ടറ |

1. ഇലക്ട്രിക് സെക്ഷനിലെ അസി. എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ മെയിന്റനൻസ് പ്രവത്തികൾ നിർവ്വഹിക്കേണ്ടതാണെന്ന് സർക്കുലർ നം 3055/D.A.3/2011/LSGD, 15.09.2011 ൽ നിർദേശിച്ചിട്ടുണ്ട്. ഈ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മേൽ ക്രമ നം 1 പദ്ധതി പ്രകാരം വാങ്ങിയ വൈദ്യുത ഉപകരണങ്ങൾ കരാറുകാരന് നൽകിയിരിക്കുന്നു. മെയിന്റനൻസ് നിർവ്വഹിച്ചതായി കരാറുകാരൻ എഴുതി നൽകുന്ന ലിസ്റ്റ് ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്നതിന്റെ മാത്രം അടിസ്ഥാനത്തിൽ അംഗീകരിച്ച് തുക നൽകിയിരിക്കുന്നു. ഇതിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) വൈദ്യുത ബോർഡ് അധികാരികളിൽ നിന്നും ലഭ്യമായിട്ടില്ല. ഇതു സംബന്ധച്ച് 28.09.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.12/2022 ന് വൈദ്യുതി ബോർഡിനെ അറിയിച്ച് മാത്രമാണ് മെയിന്റനൻസ് നടത്തി വരുന്നതെന്നും ഓഫീസ് ജീവനക്കാർ മേൽനോട്ടം വഹിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഇൻസ്റ്റല്ലേഷൻ സർട്ടിഫിക്കറ്റ് കെ എസ് ഇ ബി യിൽ നിന്നും വാങ്ങി ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

2. അറ്റകുറ്റപണികൾ ആവശ്യമുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നു. ഈ രജിസ്റ്റർ പ്രകാരം ആറ് വാർഡുകളിൽ മാത്രമാണ് 2021-22 കാലയളവിൽ കേടായ തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പത്തൊൻപത് വാർഡുകളിലും അറ്റകുറ്റപണികൾ നടത്തിയിരിക്കുന്നു. 2020-21 ൽ നാല് വാർഡുകളിലെ വിവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. അറ്റകുറ്റപണികൾ നടത്തിയിരിക്കുന്നതും വൈദ്യുതോപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തിയിരിക്കുന്നതും പരാതി രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയല്ല. പരാതി രജിസ്റ്റർ കാലികമാക്കിട്ടില്ലാത്തതും അപൂർണ്ണവുമാണ്.

3. കേടായ സാധനങ്ങൾ തിരികെ ലഭ്യമാകുമ്പോൾ ആയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 3300 എണ്ണം ട്യൂബ് ലൈറ്റും 302 എണ്ണം എൽ ഇ ഡി ബൾബും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളും പ്രവർത്തനസജ്ജമാക്കുന്നതിനാണ് കരാറുകാരന് കൈമാറിയിട്ടുള്ളതും മെയിന്റനൻസ് പ്രവൃത്തിക്കുള്ള തുക നൽകിയിട്ടുള്ളതും. എന്നാൽ ഉപയോഗശൂന്യമായ ഇലക്ട്രിക് ഉപകരണങ്ങൾ കാറുകാരനിൽ നിന്നും ശേഖരിച്ച് സർക്കാർ നിർദേശമനുസരിച്ച് ഡിസ്പോസ് ചെയ്തിട്ടില്ലാത്തതുമാണ്. ഇതു സംബന്ധച്ച് 28.09.2022 ൽ

നൽകിയ ഓഡിറ്റ് അന്വേഷണം നം.12/2022 ന് ഉപയോഗശൂന്യമായി അയ്യായിരത്തിൽ അധികം ട്യൂബ് ലൈറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് വക പണി പൂർത്തീകരിക്കാത്ത മിനി സിവിൽ സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഡിസ്പോസലിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-30 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല - 51812/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ (99/22) |
| അടങ്കൽ തുക | 482000/- (Own Fund) |
| ചെലവ് തുക | 171203/- |
| ചെക്ക് നം | 5507809/28.06.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |

കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയിസ് റഫറൻസ് നം TVM/ITBG/PI/RC/27136/20-21, 11.6.2021 പ്രകാരം നാല് പ്രിന്ററുകൾക്ക് 51812/- രൂപയും, TVM/ITBG/PI/RC/27136/20-21, 11.6.2021 പ്രകാരം മൂന്ന് കമ്പ്യൂട്ടറുകൾക്ക് 119391/- രൂപ ഉൾപ്പെടെ ആകെ 171203/- രൂപ നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മൂന്ന് കമ്പ്യൂട്ടറുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വാലിഡിറ്റി കാലയളവ് 18.2.2022 എന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും നാല് പ്രിന്ററുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 29.09.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.23 /2022 ന് മറുപടിയായി പ്രിന്ററുകൾക്കായി നൽകിയ വർക്ക് ഓർഡർ പെൻഡിംഗ് സ്റ്റാറ്റസിൽ തുടരുകയാണെന്നും തുക റീക്ലപ്പ് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭ്യമാക്കുകയോ, തുക റീ ക്ലപ്പ് ചെയ്യുകയോ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യുന്നതു വരെ നാല് പ്രിന്ററുകൾക്ക് നൽകിയ 51812/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് - ഗ്രാമ സഭ അംഗീകരിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തിരഞ്ഞെടുത്തില്ല. ഓഡിറ്റിന് ഹാജരാക്കിയ ഗ്രാമ സഭ മിനിറ്റ്സിൽ സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുൻപ് ഗ്രാമസഭ കൂടിയിട്ടുണ്ടെങ്കിലും വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തിരഞ്ഞെടുത്തിട്ടില്ല. കോവിഡ് പ്രതിസന്ധി ആയതിനാൽ ഗ്രാമസഭ കൂടുന്നതിന് സാഹചര്യം ലഭിച്ചിരുന്നുമില്ല . എന്നാൽ സാമ്പത്തിക വർഷത്തിനു ശേഷം നടന്ന ആദ്യ ഗ്രാമസഭയിൽ ലിസ്റ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതായിരുന്നെങ്കിലും ആയതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 03.10.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.48/2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തിരഞ്ഞെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-32 വാട്ടർ ടാങ്ക് വിതരണം - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല - ധനകാര്യകമ്മിഷൻ ഗ്രാന്റ് തിരികെ ഒടുക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | വാട്ടർ ടാങ്ക് വിതരണം വനിത എസ് സി ( 183/22) |
| അടങ്കൽ തുക | 250000/- (CFC Grant)<br>50000/- (Own Fund)<br>85000/- (Beneficiary Contribution) |

| | |
|---|---|
| ചെലവ് തുക | 74635/- |
| ബിൽ നം | 3/21-22, 8.3.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |

കടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന വെള്ളം ശേഖരിച്ച് ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി പദ്ധതി നടപ്പാക്കി. ഗുണഭോക്താക്കളായി 111 പേരെ തിരഞ്ഞെടുത്തെങ്കിലും 23 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിന് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം (1000/- രൂപ നിരക്കിൽ 23000/-രൂപ) ചെലവഴിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. പൊന്നരത്ത് ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം 23 വാട്ടർ ടാങ്കിന് 74635/- രൂപയും ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. ഗുണഭോക്തൃ വിഹിതം ചെലവഴിക്കാത്തതു സംബന്ധിച്ച് 27.09.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.4/2022 ന് , 23 ഗുണഭോക്താക്കൾക്കും വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനുള്ള ചെലവ് തുക സി എഫ് സി ഗ്രാന്റിൽ നിന്നും വിനിയോഗിച്ച എന്നും ശേഷം ഗുണഭോക്താക്കൾ ആരും മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ഗുണഭോക്തൃ വിഹിതം മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിഞ്ഞില്ല എന്നുമുള്ള അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതിയ്ക്കായി 23 ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ വിഹിതം ചെലവഴിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമ വിരുദ്ധമാണ്. പ്രസ്തുത തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-33 ദുരന്ത നിവാരണം-നമ്മൾ നമുക്കായി - പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് നം. | ദുരന്ത നിവാരണം-നമ്മൾ നമുക്കായി (51/2022) |
| അടങ്കൽ തുക | 500000/- (CFC Grant) |
| ചെലവ് തുക | 305900/- |
| വൌച്ചർ നം | XVFC/2021-22/p/13, 18.2.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ അമ്പലത്തറ, അടിമലത്തുറ വാർഡുകളിൽ പ്രകൃതിക്ഷോഭം മൂലം വെള്ളം കയറിയതിനെ തുടർന്ന് പൊഴി മുറിച്ച് വെള്ളം ഒഴുക്കി കളയുന്നതിന് 5/21 മുതൽ 11/21 വരെ 305900/- രൂപ ചെലവഴിച്ചു. അമ്മ എർത്ത് മൂവീസ്, ബ്ലസ്സിംഗ് എർത്ത് മൂവീസ്, എ ജി എൻ എർത്ത് മൂവേഴ്സ് എന്നിങ്ങനെ മൂന്ന് സ്ഥാപനങ്ങൾക്ക് പമ്പ്സെറ്റ് വാടകയ്ക്ക് എടുത്ത് വെള്ളം ഒഴുക്കി കളഞ്ഞതിനും, ജെ സി ബി ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്തതിനും തുക നൽകി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചെലവ് തുകയിൽ നിന്നും ടി ഡി എസ് ഈടാക്കിയില്ല

അടിമലത്തുറയിൽ 7.11.2021 മുതൽ 21.11.2021 വരെ 15 ദിവസം രണ്ട് പമ്പ് സെറ്റുകൾ ഉപയോഗിച്ച് വെള്ളം ഒഴുക്കി കളഞ്ഞതിന് പമ്പ് സെറ്റ് ഒന്നിന് 7000/- രൂപ നിരക്കിൽ 210000/- രൂപ എ ജി എൻ എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം ശ്രീ.സജീവ് കുമാർ എന്ന വ്യക്തിയ്ക്ക് നൽകിയിരിക്കുന്നു. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 (J) പ്രകാരം വാടകയ്ക്ക് എടുക്കുന്ന പ്ലാന്റ്/മെഷിനറി എന്നിവയ്ക്ക് രണ്ട് ശതമാനം നിരക്കിൽ ടി ഡി എസ് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 29.09.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.19/2022 ന് നൽകിയ മറുപടിയിൽ അടിയന്തിര സാഹചര്യമായതിനാലും ദുരന്ത നിവാരണ പ്രവത്തികൾക്ക് ടി ഡി എസ് ഈടാക്കേണ്ടതാണെന്ന് അറിയാത്തതിനാലുമാണ് തുക ഈടാക്കാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 11/2021 ൽ നടന്ന പ്രവൃത്തിയ്ക്ക് തുക നൽകിയിരിക്കുന്നത് 18.2.2022 ലാണ്. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) പമ്പ്സെറ്റിന് അധിക വാടക നൽകി

അടിമലത്തുറയിൽ 7.11.2021 മുതൽ 21.11.2021 വരെ 15 ദിവസം രണ്ട് പമ്പ് സെറ്റുകൾ ഉപയോഗിച്ച് വെള്ളം ഒഴുക്കി കളഞ്ഞതിന് പമ്പ് സെറ്റ് ഒന്നിന് 7000/- രൂപ നിരക്കിൽ രണ്ട് പമ്പ് സെറ്റുകൾക്ക് 210000/- രൂപ എ ജി എൻ എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നു. നിരക്ക് നിശ്ചയിച്ചതു സംബന്ധിച്ച് 29.09.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.19/2022 ന് നൽകിയ മറുപടിയിൽ മണിക്കൂറിന് 1000/- രൂപ നിരക്കിൽ ദിവസം മൂന്നര മണിക്കൂർ വച്ച് രണ്ട് വാർഡുകളിൽ ശരാശരി 7 മണിക്കൂർ പ്രവർത്തിപ്പിച്ചതിനാണ് 7000/- രൂപ ജെ സി ബി വാടകയിനത്തിൽ നൽകിയിട്ടുള്ളതെന്ന് അറിയിച്ചു. അതായത് ഒരു പമ്പ് സെറ്റ് രണ്ട് വാർഡുകളിൽ ഉപയോഗിച്ച് എന്ന് മറുപടി നൽകുകയും രണ്ട് പമ്പ് സെറ്റുകളുടെ വാടക നൽകുകയും ചെയ്തിരിക്കുന്നു. ഈ വ്യത്യാസത്തിനും അധികചെലവിനും വിശദീകരണം നൽകേണ്ടതാണ്.

3) ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല

തീരദേശ വാർഡുകളിൽ പൊഴി മുറിക്കൽ മറ്റ് പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ സഹായിക്കുന്നതിന് ജെ സി ബി

വാടകയ്ക്ക് എടുക്കുന്നതിന് ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിന് പരസ്യം നൽകി പ്രാരംഭ നടപടികൾ ആരംഭിച്ചെങ്കിലും ക്വട്ടേഷൻ നടപടികൾ ഇല്ലാതെ മൂന്ന് വ്യക്തികൾക്ക് ജെ സി ബി, പമ്പ് എന്നിവയുടെ വാടക ഇനത്തിൽ തുക നൽകിയിരിക്കുന്നു. അടിയന്തിര സാഹചര്യം മുൻ നിർത്തി ലഭ്യമായ ജെ സി ബി സജ്ജമാക്കി വെള്ളം ഒഴുക്കികളയുകയാണ് ഉണ്ടായതെന്ന് ഇതു സംബന്ധിച്ച് 29.09.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.19/2022 ന് മറുപടി നൽകി. എന്നാൽ 19.02.2021 ലെ 2(1) തീരുമാനം മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. തദവസരത്തിൽ പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ആരംഭിച്ചിരുന്നെങ്കിൽ സുതാര്യമായി നടപ്പാക്കാൻ സാധിക്കുമായിരുന്നു. ഭാവിയിൽ സമയബന്ധിതമായി നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

4) പഞ്ചായത്തിന്റെ സ്റ്റോക്കിലുള്ള പമ്പ്സെറ്റുകൾ ഉപയോഗിച്ചില്ല

പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (Page No. 166) എം എൽ എയുടെ അസ്സറ്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിൽ നിന്നും നാല് പമ്പ്സെറ്റുകളും ആയതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങളും 19.03.2021 ൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രകൃതി ക്ഷോഭം മൂലം വെള്ളക്കെട്ടുണ്ടായ അമ്പലത്തുമൂല, അടിമലത്തുറ പ്രദേശങ്ങളിൽ വെള്ളം ഒഴുക്കി വിടുന്നതിന് ഈ പമ്പ്സെറ്റുകൾ ഉപയോഗിക്കാതെ വാടകയ്ക്ക് എടുത്ത് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. റിപ്പയറിംഗിന് നൽകിയിരുന്നതിനാൽ വാടകയ്ക്ക് എടുക്കേണ്ടി വന്നു എന്നാണ് ഈ വിഷയം സംബന്ധിച്ച് മറുപടി നൽകിയത്. 03.2021 ൽ ലഭിച്ച നാല് പമ്പ്സെറ്റുകളും 5/21 മുതൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത വിധം ചുരുങ്ങിയ കാലയളവിനുള്ളിൽ കേടായി എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ഭരണസമിതിയിൽ അംഗീകരിക്കുകയോ ഉണ്ടായിട്ടില്ല. റിപ്പയറിംഗിന് നൽകിയതുമായി ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ വസ്തുതയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കേണ്ടതുമാണ്.

വാല്യുവേഷൻ ഇല്ലാതെയും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്താതെയും ചെലവ് തുക നൽകി

ബ്ലസ്സിംഗ് എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന്റെ ഉടമയ്ക്ക് മേൽ വൌച്ചർ പ്രകാരം 92700/- രൂപ നൽകിയിരിക്കുന്നു. പൊഴി മുറിച്ച് വെള്ളം ഒഴുക്കി വിട്ടതായി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ഓവർസിയറുടെ വാല്യുവേഷന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന ബില്ലുകൾ പ്രകാരമുള്ള പ്രവൃത്തികൾക്ക് തുക നൽകി.

| ബിൽ നം. തീയതി | പ്രവൃത്തി നിർവ്വഹിച്ച തീയതി | അനുവദിച്ച തുക |
|---|---|---|
| 321/27.6.2021 | 7.6.2021, 17.6.2021, 26.6.2021 | 10500/- |
| 308/30.7.2021 | 8.7.2021,20.7.2021,29.7.2021 | 10500/- |
| 326/23.5.2021 | 23.5.2021 | 4400/- |
| 311/1.10.2021 | 14.8.2021, 27.8.2021, 13.9.21,27.9.21 | 14000 |
| 58/nil | 6.10.2021,13.10.2021,26.10.2021 | 10500/- |
| 57/27.11.21 | 12.11.2021, 23.11.2021 | 7000/- |
| 59/3.1.2022 | 14.12.2021,23.12.2021,28.12.2021,20.1.22 | 14000/- |
| | ആകെ | 70900/- |

21800/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് , പ്രസ്തുത പ്രദേശങ്ങളിലെ മൂടികിടക്കുന്ന ഓടകളിലെ മാലിന്യം ഹിറ്റാച്ചി ഉപയോഗിച്ച് ശുചിയാക്കിയതിന് നൽകിയതാണെന്ന് മറുപടി നൽകി. വാല്യുവേഷൻ, സാക്ഷ്യപത്രം എന്നിവ ഇല്ലാതെ പ്രവത്തിയുടെ ചെലവ് നൽകിയത് അംഗീകരിക്കാവുന്നതല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-34 ദിവസവേതന നിയമനങ്ങൾ - രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും ദിവസവേതന / കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 23 ജീവനക്കാരെ 30.6.2021 ൽ പിരിച്ച് വിടുന്നതിനും പകരം പത്രപരസ്യം നൽകി ഇന്റർവ്യൂബോർഡ് രൂപീകരിച്ച് ഇന്റർവ്യൂ നടത്തി നിയമനം നടത്തുന്നതിനും 25.6.2021 ലെ ഭരണസമിതി അജണ്ട 7 (1) പ്രകാരം തീരുമാനിക്കുകയുണ്ടായി. ദിവസവേതന / കരാർ അടിസ്ഥാനത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തേണ്ടതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുള്ളതുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് 01.10.2022 ൽ ഓഡിറ്റ് അന്വേഷണം നം.45/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിലവിൽ പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലുമായി ദിവസവേതന / കരാർ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക, സേവന കാലയളവ്, നിയമന രീതി എന്നിവയുടെ വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-35 ജനറേറ്റർ സ്ഥാപിച്ചതിൽ സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കാത്തത് ഗുരുതര വീഴ്ച

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ജനറേറ്റർ വാങ്ങൽ (276/22) |
| അടങ്കൽ തുക | 250000/- (Dev. Fund)<br>741844/- (CFC Grant) |
| ചെലവ് തുക | 741844/- |
| വൌച്ചർ നം | XVFC/21-22/P/12, 19.2.2022 (240806/-)<br>XVFC/21-22/P/22, 24.3.2022 (501038/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽആന്റ് അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 14.2.2022 ൽ കരാറിൽ ഏർപ്പെട്ടു. 17.03.2022 ൽ ജനറേറ്റർ (30KVA DG Set With AMF Control Panel And Standard Accessories ) സ്ഥാപിച്ചതായി കേരള ഇലക്ട്രിക്കൽആന്റ് അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് അറിയിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ 18.7.2022 ലെ ബി5-4594/22/EIT കത്ത് പ്രകാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നും ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള അനുമതി മാത്രമാണ് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകിയിരിക്കുന്നത്(ഓഡിറ്റ് അന്വേഷണം നം.32/2022, 30.9.2022). 18.7.2022 ൽ ഈ അനുമതി ലഭിക്കുന്നതിന് മുൻപ് തന്നെ 17.03.2022 ൽ ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിരിക്കുന്നു. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകിയ കത്തിൽ സ്കീം നടപ്പാക്കുന്നതിന് മാത്രമായിട്ടുള്ള അനുമതിയാണ് വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ളത്. കരാറുകാർ മുഖേന ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തുകഴിഞ്ഞാൽ കംപ്ലീഷൻ റിപ്പോർട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ സമർപ്പിക്കേണ്ടതും ആയതു പരിശോധന നടത്തി എനർജൈസേഷനുള്ള അനുമതി ലഭ്യമാക്കേണ്ടതുമാണെന്ന് കർശനമായി നിർദേശം നൽകിയിട്ടുള്ളതുമാണ്. അനുമതി ഇല്ലാതെ ജനറേറ്റർ പ്രവർത്തനക്ഷമമാക്കുന്ന സാഹചര്യത്തിൽ നിയമാനുസൃതമായ പിഴ ചുമത്തേണ്ടി വരുന്നതാണെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. കൂടാതെ ജനറേറ്റർ നിർമ്മാതാക്കളുടെ ടെസ്റ്റ് സർട്ടിഫിക്കറ്റ്, എനർജി മീറ്റർ ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളുടെ ലാബ് പരിശോധന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പും അനുമതിക്കായി ഹാജരാക്കേണ്ടതാണ്. സാങ്കേതികമായ മേൽ നടപടികൾ ഒന്നും പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

അനിവാര്യമായി നടപ്പാക്കേണ്ട സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കാതെ ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതു ഗുരുതര വീഴ്ചയായി വിലയിരുത്തുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-36 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 22- ന് നൽകിയ മറുപടിയിൽ വിവരങ്ങൾ "VEELS"എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ ഉത്തരവ് പ്രകാരം നഗരസഭയുടെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -90260/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. S0132/22

അടങ്കൽ തുക – 200000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവായ തുക - 200000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം./തീയതി - 01/ 2021-22 Dt.12.11.2021

പഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ HOMCO യിൽ നിന്ന് മരുന്ന് വാങ്ങുന്നതിലേക്കായി മെയിന്റനൻസ് ഫണ്ട് (റോഡിതരം)ൽ നിന്നും

200000/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ Tax Invoice No.LF 162/22-23 തീയതി. 15.06.22 പ്രകാരം 109740/- രൂപയുള്ള മരുന്ന് പാർട്ട് സപ്ലൈയാണ് ചെയ്തിരിക്കുന്നത്. 90260/-രൂപയുള്ള മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്ന മരുന്ന് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതു വരെ 90260/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 അനർഹർക്കും ആനുകൂല്യം

കോട്ടുകാൽ പഞ്ചായത്തിലെ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളിൽ അധികവും അനർഹരായിട്ടുള്ളവർക്കും ആനുകൂല്യം കിട്ടുന്ന രീതിയിലാണ് നിർവ്വഹിച്ചിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 13.08.2021 ലെ 2-ാം നമ്പർ തീരുമാന പ്രകാരമുള്ള A2-7708/2021 തീയതി 25.10.2021 നമ്പർ ഗുണഭോക്തൃ ലിസ്റ്റിലോ 06.08.2022 ൽ നടന്ന സാധാരണ മീറ്റിംഗിലെ 13 -ാം നമ്പർ തീരുമാന പ്രകാരമുള്ള അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിലോ ഉൾപ്പെടാത്തവർക്കും. ആനുകൂല്യം നൽകിയിരിക്കുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു.

## 1-38-1 ഫലവൃക്ഷ തൈ വിതരണം

പ്രോജക്റ്റ് നം. - എസ് 0118/22

അടങ്കൽ തുക – 20,823/- (വികസന ഫണ്ട്)

ഗുണഭോക്തൃവിഹിതം - 6741/-

ചെലവായ തുക – 27,764/-

ബിൽ നം. & തീയതി - IA-5/2021-22 തീയതി 27.12.2021 20,823/-

2021-22 ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ ഫലവൃക്ഷങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫലവൃക്ഷത്തൈകളുടെ വിതരണം എന്ന പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. വിഷമുക്ത ഫലങ്ങൾ ലഭ്യമാക്കുന്നതിനു പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു. വീട്ടുവളപ്പിലും പൊതു സ്ഥലങ്ങളിലും കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ഫലവൃക്ഷ തൈ വിതരണം ചെയ്തിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | വാർഡ് | യൂണിറ്റ് (എണ്ണം) | സബ്സിഡി തുക(രൂപ) |
|---|---|---|---|---|
| 1 | രാജി, ജിജിനിലയം, നെല്ലിപ്പറമ്പ് | 17 | 1 | 93 |
| 2 | ഷാജി, എസ്.ബി, നിവാസ്, കോട്ടുകാൽ | 16 | 2 | 186 |
| 3 | ശ്രുതി എൽ.എസ്, ശ്രീനിലയം, പുന്നക്കുളം | 14 | 1 | 93 |
| 4 | വിക്രമൻ .വി.എസ്. ഭവൻ, കോട്ടുകാൽ | 1 | 1 | 93 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ഫലവൃക്ഷത്തൈ വിതരണം ചെയ്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 49/2021-22) മറുപടി നൽകിയിട്ടില്ല.

## 1-38-2 സുഭിക്ഷ കേരളം- ഇടവിള കൃഷി പ്രോത്സാഹനം

പ്രോജക്റ്റ് നം. - എസ് 097/22

അടങ്കൽ തുക – 1,18,750/- (വികസന ഫണ്ട്)

ചെലവായ തുക – 1,18,750/-

ബിൽ നം. & തീയതി - JA-2021-22 തീയതി 23.12.2020 - 1,18,750/-

2021-22 ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കുന്നതിനും പരമാവധി കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുന്നതിനും ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമാണ് സുഭിക്ഷ കേരളം - ഇടവിള കൃഷി പ്രോത്സാഹനം എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് കിഴങ്ങു വർഗ്ഗ വിളകളുടെ വിസ്തൃതി വ്യപിപ്പിക്കുന്നതിനും കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഇതിലൂടെ അധിക വരുമാനവും ഉറപ്പുവരുത്തുന്നു. 6 കിലോ ഗ്രാം വീതമുള്ള 475 പാക്കറ്റുകൾ 250/- രൂപ നിരക്കിൽ ലഭ്യമാക്കുന്നു. ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങ് വർഗ്ഗ വിളകൾ നൽകുന്നത് വിത്ത് സർക്കാർ ഫാമുകളിൽ ലഭ്യമല്ലെങ്കിൽ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.

കുറഞ്ഞത് ഒരു ഗുണഭോക്താവിന് 250/- രൂപയ്ക്ക് വരെ വിത്ത് കൊടുക്കുന്നു. ഒരു വാർഡിൽ പരമാവധി 25 പാക്കറ്റുകൾ

നൽകുന്നു. ഗുണഭോക്താക്കളുടെ എണ്ണം കുറവ് ആണെങ്കിൽ സ്ഥല ലഭ്യത അനുസരിച്ച് കൂടുതൽ വിത്ത് പാക്കറ്റുകൾ നൽകാമെന്നും പദ്ധതിയിൽ പറയുന്നു. എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും വിത്ത് നൽകിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | വാർഡ് | പാക്കറ്റുകളുടെ എണ്ണം | സബ്സിഡി തുക |
|---|---|---|---|---|
| 1 | ഷിബു, പ്ലാന്തോട്ടത്ത് പുത്തൻവീട്, പയറ്റുവിള | 17 | 1 | 250 |
| 2 | സുരേഷ് .ജി.കെ, ന്യൂഡെയിൽ, ഉച്ചക്കട, പയറ്റുവിള | 19 | 2 | 500 |
| 3 | ദാനം .എം, തേരിവിള പുത്തൻവീട് | 4 | 2 | 500 |
| 4 | ഷൺമുഖൻ നായർ, കാഞ്ഞിരംനിന്നവിള വീട്, ചൊവ്വര | 13 | 1 | 250 |
| 5 | അജിത് കുമാർ, നിരഞ്ജൻ ഹൗസ്, പ്ലാവിള | 13 | 1 | 250 |
| 6 | വിജയചന്ദ്രൻ .എസ്, അശ്വതി ഭവൻ, കൊല്ലകോണം | 4 | 2 | 500 |
| 7 | ബിനു .ആർ. ദാസ്, തോട്ടം, പത്മവിലാസം ബംഗ്ലാവ്, കോട്ടുകാൽ | 4 | 2 | 500 |
| 8 | എസ്. വസന്തകുമാരി, ശ്രീഭവൻ, കൊല്ലകോണം | 4 | 2 | 500 |
| 9 | നന്ദി, കുട്ടിവിളാകംവീട്, തെക്കേകോണം | 13 | 1 | 250 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്ക് വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്തതിനുള്ള വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 50/2021-22) ന് മറുപടി നൽകിയിട്ടില്ല.

### 1-38-3 പമ്പ് സെറ്റ് വിതരണം

പ്രോജക്റ്റിന്റെ പേര് -പമ്പ് സെറ്റ് വിതരണം

പ്രോജക്റ്റ് നം. S0098/22

അടങ്കൽ തുക – 100000/-രൂപ (വികസന ഫണ്ട് )

100000/- രൂപ( ഗുണഭോക്തൃവിഹിതം)

ചെലവായ തുക - 100000/-രൂപ

ബിൽ നം./തീയതി - JA-4/2021-22 തീ. 23.12.2021

JA-8/2021-22 തീ. 10.01.2022

JA-16/2021-22 തീ. 07.02.2022

2021-2022 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്ക് കുറഞ്ഞത് 20 സെന്റ് ഭൂമി ഉള്ളവർക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലുള്ള കർഷകക്ക് പമ്പ്സെറ്റ് നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | വാർഡ് നം. | ലഭിച്ച സബ്സിഡി തുക |
|---|---|---|---|
| 6 | രത്നമ്മ, മരുതുകുഴിനിന്ന വീട്,കോട്ടുകാൽ | 6 | 9850 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്ക് പമ്പ്സെറ്റ് വിതരണം ചെയ്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 35/2021 -22) മറുപടി നൽകിയിട്ടില്ല. മേൽ വിഷയത്തിൽ ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ യഥാവിധി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം,പദ്ധതി | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-22,ലൈഫ് എസ് സി.അഡീ.ലിസ്റ്റ് | 84000 | 84000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22,ലൈഫ് എസ് സി.അഡീ.ലിസ്റ്റ് | 2216883 | 2216883 | |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22,ലൈഫ് എസ് സി. | 522117 | 522117 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22,ICDS. | 562875 | 562875 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22,ക്ഷീരസമൃദ്ധി | 258230 | 258230 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22,ലൈഫ് | 380000 | 380000 | |
| ജില്ലാപഞ്ചായത്ത് | 2021-22,ലൈഫ് എസ് സി.അഡീ.ലിസ്റ്റ് | 1412550 | 1412550 | |
| ജില്ലാപഞ്ചായത്ത് | 2021-22,ലൈഫ് എസ് സി | 192083 | 192083 | |
| ജില്ലാപഞ്ചായത്ത് | 2021-22,സ്നേഹസ്പർശം | 562875 | 562875 | |
| ജില്ലാപഞ്ചായത്ത് | 2021-22,ക്ഷീരസമൃദ്ധി | 600000 | 600000 | |
| ജില്ലാപഞ്ചായത്ത് | 2021-22,ലൈഫ് | 320000 | 320000 | |
| ജില്ലാപഞ്ചായത്ത് | 2021-22,ലൈഫ് | 1088200 | 1088200 | |
| ജില്ലാപഞ്ചായത്ത് | 2021-22,ലൈഫ് | 80000 | 80000 | |

*എ.എഫ്.സി ലെ വരവും സ്ഥാപനം ഹാജരാക്കിയ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| ഏജൻസി | അടങ്കൽ തുക | ചെലവ് | ബാലൻസ് |
|---|---|---|---|
| വാട്ടർ അതോറിറ്റി (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | 1200000 | 0 | 1200000 |
| വാട്ടർ അതോറിറ്റി (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | 1309329 | 683000 | 626329 |
| Kseb(ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൽ -പോസ്റ്റ് ലൈൻ ഷിഫ്റ്റിംഗ്) | 607382 | 606075 | 1307 |
| Kseb(ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൽ -പോസ്റ്റ് ലൈൻ ഷിഫ്റ്റിംഗ്) | 800000 | 704490 | 95510 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പാ/ വായ്പാ തിരിച്ചടവ് (എ.എഫ്.എസ് പ്രകാരം)

| വായ്പായുടെ പേര് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ച് അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ച് അടച്ച തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KURDFC | - | - | 1040000 /- | 31690429/- |

ലോൺ രജിസ്റ്റർ ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ മുൻവർഷം അടവാക്കാനുണ്ടായിരുന്ന ലോൺ തുക,തൻവർഷം അടവാക്കിയ തുക,അടവാക്കാനുള്ള ബാക്കി ലോൺ തുക എന്നിവയുടെ ആധികാരിത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

A. ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 12483474/- |
| ഓഡിറ്റ് വർഷത്തെ വരവ് | 139079249/- |
| ആകെ | 151562723/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 137522824/- |
| നീക്കിയിരിപ്പ് | 14039899/- |

| | |
|---|---|
| വരവ് ഇനങ്ങളിലെ നഷ്ടം | 0 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,03,050 |
| പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം | 0 |

B. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 10,00,000 | ശ്രീമതി ലീന എം, ഹെഡ്മിസ്ട്രസ്സ് |
| 1-21 | 2,38,778 | ശ്രീ അജു എ.ഒ, സെക്രട്ടറി |
| 1-26 | 1,39,300 | ശ്രീ അജു എ.ഒ, സെക്രട്ടറി |
| 1-28 | 24,82,900 | ശ്രീ അജു എ.ഒ, സെക്രട്ടറി |
| 1-30 | 51,812 | ശ്രീ അജു എ.ഒ, സെക്രട്ടറി |
| 1-37 | 90,260 | ശ്രീമതി സലീന കെ.ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 40,03,050 | |

C. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

D. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

E. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|
| ശ്രീമതി ലീന എം, ഹെഡ്മിസ്ട്രസ്സ് | ബഥേൽ, ഇളമ്പ പി ഒ, ആറ്റിങ്ങൽ |
| ശ്രീ അജു എ.ഒ സെക്രട്ടറി | അലീന ഇല്ലം, വടക്കേപേഴോട്ടുകുഴി,നെയ്യാറ്റിൻകര |
| ശ്രീമതി സലീന കെ.ആർ,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ | ലക്ഷ്മിഭവൻ, പൂങ്കോട്,ഭഗവതിനട, ബാലരാമപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 2 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/ 2349/2019 തീയതി 15.03.2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ /20 തീയതി 30.01.2021 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1848/21 തീയതി 23.02.2022 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/791/2022 തീയതി 29.06.2022 | 38 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

S.19/1/23

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്